"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആയുഷ് വകുപ്പ് - നാഷണൽ ആയുഷ് മിഷൻ - നാഷണൽ ആയുഷ് മിഷൻ, കേരള സ്റ്റേറ്റ് മിഷൻ ഡയറക്ടറുടെ ചുമതല നാഷണൽ ആയുഷ് മിഷനിലെ സ്റ്റേറ്റ് പ്രോഗ്രാം മാനേജർ (ഹോമിയോ) ഡോ. ആർ. ജയനാരായണന് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആയുഷ് (ബി) വകുപ്പ്**

G.O.(Rt)No.362/2024/AYUSH തീയതി,തിരുവനന്തപുരം, 01-10-2024

---

പരാമർശം:- നാഷണൽ ആയുഷ് മിഷൻ സ്റ്റേറ്റ് മിഷൻ ഡയറക്ടറുടെ 10/09/2024ലെ കത്ത് നമ്പർ.എൻ.എ.എം/833/2024-എ1/എസ്.പി.എം.എസ്.യു നമ്പർ കത്ത്.

**ഉത്തരവ്**

ജമ്മു കാശ്മീരിലെ സംസ്ഥാന ഇലക്ഷനുമായി ബന്ധപ്പെട്ട് കേന്ദ്ര ഇലക്ഷൻ കമ്മീഷൻ നാഷണൽ ആയുഷ് മിഷൻ, കേരള സ്റ്റേറ്റ് മിഷൻ ഡയറക്ടർ ഡി. സജിത്ത് ബാബു ഐ.എ.എസ് നെ 11/09/2024 മുതൽ ഇലക്ഷൻ ഡ്യൂട്ടിയ്ക്ക് നിയോഗിച്ചിരിക്കുന്നതിനാൽ, പ്രസ്തുത തീയതി മുതൽ നാഷണൽ ആയുഷ് മിഷന്റെ ചാർജ് നാഷണൽ ആയുഷ് മിഷനിലെ സ്റ്റേറ്റ് പ്രോഗ്രാം മാനേജർ (ഹോമിയോ) ഡോ. ആർ.ജയനാരായണന് നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് പരാമർശിത കത്ത് പ്രകാരം സർക്കാരിലേക്ക് സമർപ്പിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ നാഷണൽ ആയുഷ് മിഷൻ, കേരള സ്റ്റേറ്റ് മിഷൻ ഡയറക്ടർ ഡി.സജിത്ത് ബാബു ഐ.എ.എസ് ജമ്മു കാശ്മീർ ഇലക്ഷനുമായി ബന്ധപ്പെട്ട് 11/09/2024 മുതൽ ഇലക്ഷൻ ഡ്യൂട്ടിയ്ക്ക് നിയോഗിക്കപ്പെട്ടിരിക്കുന്നതിനാൽ പ്രസ്തുത തീയതി മുതൽ നാഷണൽ ആയുഷ് മിഷൻ,കേരള സ്റ്റേറ്റ് മിഷൻ ഡയറക്ടറുടെ ചുമതല ടിയാൾ തിരികെ ജോലിയിൽ പ്രവേശിക്കുന്നത് വരെ നാഷണൽ ആയുഷ് മിഷനിലെ സ്റ്റേറ്റ് പ്രോഗ്രാം മാനേജർ (ഹോമിയോ) ഡോ. ആർ ജയനാരായണന് നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SAMEER KUMAR O J
DEPUTY SECRETARY

സ്റ്റേറ്റ് മിഷൻ ഡയറക്ടർ, നാഷണൽ ആയുഷ് മിഷൻ, കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ്)/ (എ&ഇ), തിരുവനന്തപുരം.
ഡോ.ആർ. ജയനാരായണൻ സ്റ്റേറ്റ് പ്രോഗ്രാം മാനേജർ (ഹോമിയോ),നാഷണൽ ആയുഷ് മിഷൻ കേരള
ഡയറക്ടർ, ഭാരതീയ ചികിത്സാ വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, ഹോമിയോപ്പതി വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ & കൺട്രോളിംഗ് ഓഫീസർ,ഗവ.ഹോമിയോപ്പതിക് മെഡിക്കൽ കോളേജ്,തിരുവനന്തപുരം
വിവര പൊതുജനസമ്പർക്ക (വെബ്& ന്യൂ മീഡിയ) വകുപ്പ്
ആയുഷ് (എ) വകുപ്പ് / ആയുഷ് (സി) വകുപ്പ്
ഓഫീസ് കോപ്പി / കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Namitha T
Date: 01-10-2024 13:28:48

സെക്ഷൻ ഓഫീസർ

പകർപ്പ്:ബഹു. ആരോഗ്യവും വനിതാ ശിശുവികസനവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

ആയുഷ് വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പിഎ-യ്ക്ക്.

ആയുഷ് വകുപ്പ് ജോയിൻ്റ് സെക്രട്ടറിയുടെ സി.എ-യ്ക്ക്.